I ഇ.ബി. XV - കേരള നിയമസഭ/III-15

# പതിനഞ്ചാം കേരള നിയമസഭ

മൂന്നാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2021 നവംബർ 1, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

**I. തിരുത്തിയ ഉത്തരം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 267-ന്റെ തിരുത്തിയ ഉത്തരം

പതിനഞ്ചാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനത്തിലെ 25-10-2021-ലെ 267-ാം നമ്പർ നക്ഷത്ര ചിഹ്നമിട്ട ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ അധികവിവരങ്ങൾ ചേർത്തുകൊണ്ടുള്ള പുതുക്കിയ മറുപടി

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## II. അടിയന്തരപ്രമേയം

മുല്ലപ്പെരിയാർ ഡാം

മി. സ്പീക്കർ: തീവ്രമഴയുടെ പശ്ചാത്തലത്തിൽ മുല്ലപ്പെരിയാർ ഡാമിന്റെ പരമാവധി ജലനിരപ്പ് താഴ്ത്തുന്നതിലും പുതിയ ഡാം പണിയണമെന്നുള്ള ആവശ്യം സുപ്രീംകോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി സംസ്ഥാന താത്പര്യം സംരക്ഷിക്കുന്നതിലും സർക്കാർ പരാജയപ്പെട്ടതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ രമേശ് ചെന്നിത്തല, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): തീവ്രമഴയുടെ പശ്ചാത്തലത്തിൽ മുല്ലപ്പെരിയാർ ഡാമിന്റെ പരമാവധി ജലനിരപ്പ് താഴ്ത്തുന്നതിലും പുതിയ ഡാം പണിയുന്നതിനും സംസ്ഥാന സർക്കാർ സാധ്യമായ എല്ലാ കാര്യങ്ങളും ചെയ്തുവരികയാണ്. അണക്കെട്ടിന്റെയും ജനങ്ങളുടെയും സുരക്ഷ ഉറപ്പുവരുത്തുന്നതിന് പുതിയ അണക്കെട്ട് നിർമ്മിക്കുകയെന്ന ആവശ്യവും ജലനിരപ്പ് 136 അടിയായി

നിലനിർത്തണമെന്നും നിരവധി ചർച്ചകളിൽ കേരളം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഡാമിന്റെ സുരക്ഷയെ സംബന്ധിച്ചുള്ള പഠന റിപ്പോർട്ടുകൾ സുപ്രീംകോടതിയിലും പുതിയ ഡാമിന്റെ പദ്ധതിരേഖ ഉന്നതാധികാര സമിതിയിലും സമർപ്പിച്ചിരുന്നു. മുല്ലപ്പെരിയാറിൽ പുതിയ ഡാമിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട ഡി.പി.ആർ പുതുക്കുന്നതിന് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. മുല്ലപ്പെരിയാർ ഡാം തകർന്നാലുണ്ടാകാവുന്ന സാഹചര്യങ്ങളെക്കുറിച്ച് കേന്ദ്ര ഗവൺമെന്റിനെയും സുപ്രീംകോടതിയെയും അറിയിച്ചിട്ടുണ്ട്. ഡാമിന്റെ ജലനിരപ്പ് 142 അടിയായി ക്രമീകരിക്കുന്നതിന് സുപ്രീംകോടതി നിർദ്ദേശിക്കുകയും ആയത് മേൽനോട്ടം വഹിക്കുന്നതിന് മേൽനോട്ട സമിതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തിന്റെ ആശങ്കകളും പുതിയ ഡാമിന്റെ ആവശ്യകത ബോധിപ്പിക്കുന്നതിനുമാവശ്യമായ എല്ലാ രേഖകളും കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര ജല കമ്മീഷൻ തയ്യാറാക്കിയ റൂൾ കർവ് കേരളത്തിന് സ്വീകാര്യമല്ലാത്തതിനാൽ സുരക്ഷാ ക്രമീകരണങ്ങളും ഡാമിന്റെ ബലക്ഷയവും കണക്കിലെടുത്ത് പുതിയ റൂൾ കർവ് തയ്യാറാക്കി സമർപ്പിച്ചെങ്കിലും അന്തിമവിധി പുറപ്പെടുവിച്ചിട്ടില്ല. 2018-ലുണ്ടായ അതിവൃഷ്ടിയുടെ ഭാഗമായി ജലനിരപ്പ് 139.9 അടിയിൽ

അധികരിക്കരുതെന്ന് നിരീക്ഷിച്ച കോടതി  നിലവിൽ ജലനിരപ്പ് 139.5 അടിയാക്കാനും കേസ് നവംബർ മാസം 11-ാം  തീയതി പരിഗണിക്കാമെന്നും അറിയിച്ചിട്ടുണ്ട്. ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കാനും ഭീതിയകറ്റാനും സാധ്യമായ എല്ലാ കാര്യങ്ങളും സർക്കാർ ചെയ്തിട്ടുണ്ട്. പുതിയ ഡാമുണ്ടാകണമെന്ന ആവശ്യം സഭയുടെ പൊതുവികാരമായി ഉയർന്നുവരണം.

ശ്രീ. രമേശ് ചെന്നിത്തല: മുല്ലപ്പെരിയാർ ഡാമിലെ വെള്ളം തമിഴ്നാടിന് നൽകുന്നതിന് എതിരല്ലെങ്കിലും സംസ്ഥാനത്തിന്റെ സുരക്ഷ അതീവ പ്രാധാന്യമുള്ളതാണ്.  142 അടി വെള്ളം സംഭരിച്ചാലും ഡാം സുരക്ഷിതമാണെന്നും  കേരളവും തമിഴ്നാടും അതിനോട് യോജിച്ചുവെന്നുമുള്ള മുല്ലപ്പെരിയാർ മേൽനോട്ട സമിതിയുടെ മിനിട്ട്സിന്റെ അടിസ്ഥാനത്തിലാണ് 139.5 അടി വെള്ളം ശേഖരിക്കാൻ സുപ്രീംകോടതി അനുവദിച്ചത്. മുല്ലപ്പെരിയാർ ഡാമിന് ബലക്ഷയമുണ്ടെന്ന് വിവിധ ഏജൻസികൾ കണ്ടെത്തിയപ്പോഴാണ് ഒരാശങ്കയുമില്ലെന്ന് മുഖ്യമന്ത്രി അഭിപ്രായപ്പെട്ടത്. ഡാമിലെ ജലനിരപ്പ് 139.5 അടിയായി നിശ്ചയിച്ചതിനെ ജലവിഭവ വകുപ്പുമന്ത്രി സ്വാഗതം ചെയ്തത് പ്രതിഷേധാർഹമാണ്.  ജലനിരപ്പ് 136 അടിയായി നിശ്ചയിക്കണമെന്ന് കേരള നിയമസഭ 3 തവണ പ്രമേയം

പാസ്സാക്കിയിട്ടുള്ളതാണ്. അതിവൃഷ്ടി, പ്രളയം, തുടർച്ചയായുണ്ടാകുന്ന ഭൂചലനങ്ങൾ ഇവ കാരണം ഡാമിലെ ജലനിരപ്പ് 142 അടിയിലെത്തിക്കാൻ കഴിയില്ലെന്ന നിലപാടിൽ ഉറച്ചുനിൽക്കണം. മേൽനോട്ട സമിതിയിൽ ഫലപ്രദമായ നടപടി സ്വീകരിക്കാത്തതും തുടർച്ചയായ പ്രകൃതിദുരന്തങ്ങൾ സുപ്രീംകോടതിയെ ബോദ്ധ്യപ്പെടുത്താൻ സാധിക്കാത്തതും മുല്ലപ്പെരിയാർ സെൽ നിർത്തലാക്കിയതും അപലപനീയമാണ്. സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ തമിഴ്നാട് സർക്കാരിന്റെ അനുമതിയില്ലാതെ കേരളത്തിന് ഡാം നിർമ്മിക്കാൻ സാധിക്കില്ല. കേന്ദ്ര സർക്കാർ സഹായത്തോടെ മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കാൻ സർക്കാർ മുൻകയ്യെടുക്കണം. കേരള-തമിഴ്നാട് സർക്കാരിന്റെ നേതൃത്വത്തിൽ സർവ്വകക്ഷി യോഗം വിളിച്ച് ഇക്കാര്യത്തിൽ ശാശ്വത പരിഹാരം കാണണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): പരസ്പരാലോചനയുടെയും തീരുമാനത്തിന്റെയും അടിസ്ഥാനത്തിലാണ് ഇടുക്കി ഡാമിന്റെ ഓപ്പറേഷനുമായി മുന്നോട്ടുപോകുന്നത്. ഡാം തുറന്നുവിട്ടതുമൂലം ഒരപകടവുമുണ്ടായിട്ടില്ലെങ്കിലും ഉരുൾപൊട്ടലും

മണ്ണിടിച്ചിലുംമൂലം നൂറുകണക്കിനാളുകൾ മരണപ്പെട്ടിട്ടുണ്ട്. ഡാം ഓപ്പറേഷനിൽ പാളിച്ച സംഭവിച്ചിട്ടില്ല. മേൽനോട്ട സമിതിയുടെ വിയോജിപ്പ് പരിഗണിച്ചാണ് നവംബർ-11-ന ശേഷം ഈ വിഷയത്തിൽ വാദം കേൾക്കാൻ സുപ്രീംകോടതി തയ്യാറായത്. സമവായത്തിലൂടെ പുതിയ ഡാം നിർമ്മിക്കണമെന്ന കാര്യത്തിൽ അഭിപ്രായവ്യത്യാസമില്ല. മുല്ലപ്പെരിയാർ ഡാമിനെ സംബന്ധിച്ച എല്ലാ വിവരങ്ങളും മോണിറ്ററിംഗ് സമിതി രേഖപ്പെടുത്തുന്നുണ്ട്. കേരള സർക്കാരിന്റെ ഇടപെടലിന്റെ ഫലമായാണ് ഡാം തുറക്കുന്നതിന് 24 മണിക്കൂർ മുമ്പ് കേരളത്തെ അറിയിക്കാൻ തമിഴ്നാട് സർക്കാർ തയ്യാറായത്. തമിഴ്നാടിന് ആവശ്യമായ ജലം ലഭ്യമാക്കുന്നതോടൊപ്പം കേരളത്തിന്റെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കുകയെന്നതാണ് സർക്കാരിന്റെ നയം. ജനങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതുൾപ്പെടെയുള്ള സുരക്ഷാ മുൻകരുതലുകൾ സ്വീകരിക്കുകയും ആവശ്യമായ ജാഗ്രത പുലർത്തുകയും ചെയ്യുന്നുണ്ട്. പുതിയ ഡാം നിർമ്മിക്കുന്നതിനുള്ള പരിശ്രമം തുടരുന്നതാണ്. ഭരണ-പ്രതിപക്ഷ കക്ഷികൾ സംയുക്തമായി പ്രശ്നപരിഹാരത്തിന് ശ്രമിക്കണം. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): മുല്ലപ്പെരിയാർ വിഷയം സംബന്ധിച്ച് പലതവണ സഭയിൽ ചർച്ച ചെയ്യുകയും അതാത് കാലങ്ങളിലെ ജലവിഭവ വകുപ്പുമന്ത്രിമാരും മുഖ്യമന്ത്രിമാരും പ്രമേയങ്ങൾ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. സഭയിലെ എല്ലാകക്ഷികളും യോജിച്ച് ഈ വിഷയം അവതരിപ്പിക്കുന്നതായിരുന്നു മുമ്പുണ്ടായിരുന്ന കീഴ്വഴക്കം. മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് 142 അടിയായി ഉയർത്തണമെന്ന സുപ്രീംകോടതി വിധിക്കെതിരെ സംസ്ഥാനം നൽകിയ റിവ്യൂ പെറ്റീഷനുകൾ കോടതി തള്ളിക്കളഞ്ഞതാണ്. പുതിയ ഡാം നിർമ്മിക്കുന്നതോടൊപ്പം തമിഴ്നാടിനാവശ്യമായ ജലം നൽകുക എന്നതാണ് സർക്കാർ സമീപനം. മേൽനോട്ട സമിതിയുടെ മിനിട്ട്സിലുണ്ടായ അപാകതകളിൽ സംസ്ഥാനത്തിന്റെ വിയോജിപ്പറിയിക്കുകയും സുപ്രീംകോടതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തമിഴ്നാട്ടിലെയും കേരളത്തിലെയും ജനങ്ങൾക്കിടയിൽ അനാവശ്യ സ്പർദ്ധയും ഭീതിയും വളർത്തുന്നത് അഭികാമ്യമല്ല. സമവായത്തോടെ മാത്രമേ ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കുകയുള്ളൂ. പുതിയ ഡാം എന്ന കേരളത്തിന്റെ ആവശ്യത്തിന്മേൽ തമിഴ്നാടിന്റെ ഭാഗത്തുനിന്നുള്ള സമീപനം ശുഭപ്രതീക്ഷ നൽകുന്നതാണ്.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, ശ്രീമതി കെ. കെ. രമ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## III. ശ്രദ്ധക്ഷണിക്കൽ

(1) റീസർവ്വേ നടപടികളും ദുരിതബാധിതർക്ക് നഷ്ടപരിഹാരവും

ശ്രീ. പി. എസ്. സുപാൽ: റീസർവ്വേ നടപടികൾ പൂർത്തീകരിക്കുന്നതിനും അർഹരായിട്ടുള്ളവർക്ക് പട്ടയം നൽകുന്നതിനും മഴക്കെടുതിമൂലമുണ്ടായ നാശനഷ്ടങ്ങൾക്ക് സമയബന്ധിതമായി നഷ്ടപരിഹാരം നൽകുന്നതിനും ഉരുൾപൊട്ടൽ ഭീഷണിയുള്ള പ്രദേശങ്ങളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനും അധികഭൂമി കണ്ടെത്തി ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ആധുനിക സാങ്കേതികവിദ്യയുപയോഗിച്ച് നാലുവർഷംകൊണ്ട് സമഗ്രമായ ഡിജിറ്റൽ

റീസർവ്വേ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. റീസർവ്വേ നടപടികൾ പൂർത്തീകരിച്ച 911 വില്ലേജുകളിൽ 89 എണ്ണത്തിൽ ഡിജിറ്റൽ സർവ്വേയാണ് നടപ്പാക്കിയത്. എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്നതാണ് സർക്കാർ നയം. ഭൂമിസംബന്ധമായ പ്രശ്നങ്ങൾക്ക് ആധികാരിക രേഖയുണ്ടാക്കാൻ സർവ്വേ നടപടികൾ പൂർത്തീകരിക്കുന്നതിന് റീബിൽഡ് കേരള ഇനിഷ്യേറ്റീവിലുൾപ്പെടുത്തി ഫണ്ടനുവദിച്ചിട്ടുണ്ട്. അർഹരായവർക്കെല്ലാം ഭൂമി നൽകുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ഭൂസംബന്ധമായ കേസ്സുകൾ തീർപ്പാക്കുന്നതിന് ജീവനക്കാർക്ക് പരിശീലനം നൽകുകയും ലാൻഡ് ട്രിബ്യൂണലുകളുടെ പ്രവർത്തനങ്ങൾക്ക് ഡെപ്യൂട്ടി കളക്ടർമാരെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അദാലത്തുകൾ സംഘടിപ്പിച്ച് ഭൂരഹിതരുടെ എണ്ണം പ്രസിദ്ധീകരിക്കുന്നതാണ്. കാലവർഷക്കെടുതിമൂലം വീടുകൾ പൂർണ്ണമായും നഷ്ടപ്പെട്ടവർക്ക് 4 ലക്ഷം രൂപയും ഭാഗികമായി നഷ്ടപ്പെട്ടവർക്ക് 10,000 രൂപ മുതൽ 2.5 ലക്ഷം രൂപ വരെയും ഭൂമിയും വീടും നഷ്ടപ്പെട്ടവർക്ക് 10 ലക്ഷം രൂപയും മരണപ്പെട്ടവരുടെ ആശ്രിതർക്ക് 5 ലക്ഷം രൂപയും ധനസഹായം പ്രഖ്യാപിക്കുകയും അടിയന്തര സാഹചര്യം നേരിടുന്നതിന് 9 ജില്ലകൾക്ക് 13.35 കോടി രൂപ ഇതിനകം

അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പുനലൂർ താലൂക്കിലെ ഉരുൾപൊട്ടൽ ബാധിത പ്രദേശങ്ങൾ പ്രത്യേകസംഘം പരിശോധിക്കുന്നതാണ്. ഡിജിറ്റൽ റീസർവ്വേ പൂർത്തീകരിക്കുന്നതിലൂടെയും ആധാർ അധിഷ്ഠിത യൂണിക്ക് തണ്ടപ്പേർ സമ്പ്രദായം നടപ്പാക്കുന്നതിലൂടെയും ഭൂരഹിതരായവർക്ക് ഭൂമി ലഭ്യമാക്കാൻ കഴിയും.

(2) ദേശീയപാത 766-ലെ രാത്രി ഗതാഗത നിരോധനം

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: കോഴിക്കോട്-മൈസൂരു-കൊല്ലഗൽ ദേശീയപാത 766-ലെ രാത്രി ഗതാഗത നിരോധനം നീക്കുന്നതിനായി നാറ്റ്പാക്കിന്റെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനും ഇതുസംബന്ധിച്ച് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ദേശീയപാത 212, 67 എന്നിവയിലൂടെയുള്ള രാത്രികാല യാത്രാനിരോധനം നീക്കുന്നതിനുള്ള ശ്രമം സംസ്ഥാന സർക്കാർ നടത്തിക്കൊണ്ടിരിക്കുകയാണ്. കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള കമ്മിറ്റി നിർദ്ദേശമനുസരിച്ച് എലിവേറ്റഡ് ഹൈവേ നിർമ്മിക്കുന്നതിനായി 2019-20-ലെ ബഡ്ജറ്റിൽ

250 കോടി രൂപ വകയിരുത്തിയെങ്കിലും കേന്ദ്ര പരിസ്ഥിതി മന്ത്രാലയം ടി നിർദ്ദേശത്തെ എതിർത്തതിനെത്തുടർന്ന് സുപ്രീംകോടതി നിർദ്ദേശപ്രകാരം കേന്ദ്ര കാബിനറ്റ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ മറ്റൊരു കമ്മിറ്റി രൂപീകരിച്ച് സംസ്ഥാനപാത 90-ഉം ദേശീയപാത 275-ഉം സംയോജിപ്പിച്ച് പുതിയ പാത നിർമ്മിക്കുന്നതിന് സമർപ്പിച്ച നിർദ്ദേശത്തിന്മേൽ ബഹു. സുപ്രീംകോടതി കേന്ദ്ര വനം മന്ത്രാലയത്തിന്റെ അനുമതി തേടിയിരിക്കുകയാണ്. ബദൽമാർഗ്ഗമെന്ന നിലയിൽ കൽപ്പറ്റ-ഗുണ്ടൽപേട്ട്-മൈസൂർ റോഡിൽ 26 കി.മീ. എലിവേറ്റഡ് ഹൈവേ നിർമ്മിക്കണമെന്നുള്ള നാറ്റ്പാക് നിർദ്ദേശം നടപ്പിലാക്കണമെന്ന് ബഹു. കോടതി മുമ്പാകെ കേരളം ആവശ്യപ്പെട്ടിട്ടുള്ളതും പ്രശ്നം പരിഹരിക്കുന്നതിന് കർണ്ണാടക സർക്കാരുമായി മന്ത്രിതല ചർച്ച നടത്താൻ ഗതാഗത വകുപ്പ് നടപടി സ്വീകരിച്ചുവരികയുമാണ്. സംസ്ഥാനതലത്തിൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട വകുപ്പുകൾ, എം.പി./എം.എൽ.എ.-മാർ എന്നിവരുടെ യോഗം വിളിച്ചുചേർക്കാൻ മുൻകയ്യെടുക്കുന്നതാണ്.

## IV. സബ്മിഷൻ

### (1) ചാത്തന്നൂർ ആസ്ഥാനമാക്കി പുതിയ താലൂക്ക്

ശ്രീ. ജി. എസ്. ജയലാൽ: ചാത്തന്നൂർ ആസ്ഥാനമാക്കി പുതിയ

താലൂക്ക് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സംസ്ഥാനത്ത് പുതിയ താലൂക്കുകളുടെ രൂപീകരണം/അതിർത്തി പുനർനിർണ്ണയം എന്നിവയുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താലൂക്ക് പുനഃസംഘടന സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണറേറ്റുതലത്തിൽ നിയോഗിച്ചിട്ടുള്ള ടീം ചാത്തന്നൂർ താലൂക്ക് രൂപീകരണം സംബന്ധിച്ച വിഷയം പഠനവിധേയമാക്കുന്നതും റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ ആലോചിക്കുന്നതുമാണ്.

(2) മാവേലിക്കരയിൽ സിവിൽ സർവ്വീസ് അക്കാദമി

ശ്രീ. എം. എസ്. അരുൺ കുമാർ: മാവേലിക്കരയിൽ പട്ടികജാതി വകുപ്പിനുകീഴിൽ സിവിൽ സർവ്വീസ് അക്കാദമി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): നിലവിലുള്ള പ്രീ-എക്സാമിനേഷൻ സെന്ററുകൾ, സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവയുടെ പ്രവർത്തനങ്ങൾ പരിശോധിച്ചതിനുശേഷം എല്ലാ ജില്ലകളിലും പ്രസ്തുത

സെന്ററുകൾ ആരംഭിക്കുന്ന സമയത്ത് മാവേലിക്കരയിലും സിവിൽ സർവ്വീസ് പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ ആരംഭിക്കുന്ന കാര്യം ആലോചിക്കുന്നതാണ്.

(3) പാട്ടത്തിന് സ്ഥലം നൽകൽ

ശ്രീ. എം. നൗഷാദ്: കൊല്ലം പ്രോവിഡന്റ് ഫണ്ട് ഓഫീസ് കെട്ടിടം പണിയുന്നതിനുള്ള സ്ഥലം പാട്ടത്തിന് നൽകാനാവശ്യമായ നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് റീജിയണൽ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി കൊല്ലം ഈസ്റ്റ് വില്ലേജിൽ 8.10 ആർ ഭൂമി കമ്പോള വിലയായ 74,52,000 രൂപയുടെ മൂന്ന് ശതമാനം വാർഷിക പാട്ടം ഈടാക്കി വ്യവസ്ഥകൾക്കും മന്ത്രിസഭായോഗ തീരുമാനത്തിനും വിധേയമായി എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ഓർഗനൈസേഷന് മുപ്പത് വർഷത്തേയ്ക്ക് പാട്ടത്തിന് നൽകാൻ ധനകാര്യ വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ട്. എത്രയുംവേഗം നടപടിക്രമങ്ങൾ പൂർത്തീകരിച്ച് സ്ഥലം കൈമാറുന്നതാണ്.

(4) <u>അങ്കമാലിയിൽ ഇ.എസ്.ഐ. ആശുപത്രി</u>

<u>ശ്രീ. റോജി. എം. ജോൺ</u>: അങ്കമാലി നിയോജകമണ്ഡലത്തിലെ ബാംബു കോർപ്പറേഷൻ വക ഭൂമിയിൽ ഇ.എസ്.ഐ. ആശുപത്രി കെട്ടിടം നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): ബാംബു കോർപ്പറേഷന്റെ സുഗമമായ പ്രവർത്തനത്തിന് നിലവിലുള്ള സ്ഥലം പരിമിതമായതിനാൽ അവിടെ ആശുപത്രി കെട്ടിടം പണിയാൻ കഴിയില്ല.

(5) <u>റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം</u>

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: മഞ്ചേശ്വരം മണ്ഡലത്തിലെ ഹൊസങ്കടി, മഞ്ചേശ്വരം റെയിൽവേ ലെവൽ ക്രോസുകളുടെ ആർ.ഒ.ബി. നിർമ്മാണ പ്രവൃത്തി ആരംഭിക്കാനും ഉപ്പള ഗേറ്റിലെ ഗതാഗത പ്രശ്നം പരിഹരിക്കാനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>): മഞ്ചേശ്വരം മണ്ഡലത്തിലെ ഹൊസങ്കടി, മഞ്ചേശ്വരം റെയിൽവേ മേൽപ്പാലങ്ങൾക്കായി യഥാക്രമം 40.64 കോടി രൂപയും 40.40 കോടി രൂപയും കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി അനുവദിച്ചിട്ടുണ്ട്. നാഷണൽ

ഹൈവേയുടെ വീതികൂട്ടൽ പ്രവൃത്തി നടക്കുന്നതിനാൽ ആർ.ഒ.ബി.കളുടെ അലൈൻമെന്റ് പരിഷ്കരിക്കണമെന്ന ദേശീയ പാത അതോറിറ്റിയുടെ നിർദ്ദേശമനുസരിച്ച് എൻ.എച്ച്.എ.ഐ.-യും ആർ.ബി.ഡി.സി.കെ.-യും സംയുക്ത പരിശോധന നടത്തി ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംഗ് തയ്യാറാക്കി റെയിൽവേയ്ക്ക് സമർപ്പിക്കുകയും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് സ്ഥലം ഏറ്റെടുക്കൽ നടപടി ആരംഭിക്കുന്നതുമാണ്. ഉപ്പളയിൽ ജനറൽ അലൈൻമെന്റ് ഡ്രോയിംഗിന് റെയിൽവേയുടെ അനുമതി ലഭിക്കുകയും ഭൂമി ഏറ്റെടുക്കൽ നടപടി പുരോഗമിക്കുകയുമാണ്.

(6) കാഞ്ഞാണി-മുല്ലശ്ശേരി റോഡ് പുനർ നിർമ്മാണം

ശ്രീ. മുരളി പെരുനെല്ലി : കാഞ്ഞാണി-മുല്ലശ്ശേരി റോഡ് പുനർ നിർമ്മാണത്തിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കാഞ്ഞാണി മുതൽ മുല്ലശ്ശേരിവരെയുള്ള ഭാഗത്ത് ബഡ്ജറ്റ് പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ 4 കോടി 75 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പരിശോധിച്ച് ഭരണാനുമതിക്കുള്ള നടപടി സ്വീകരിക്കുന്നതാണ്. റോഡിന്റെ അടിയന്തര അറ്റകുറ്റപ്പണിക്ക് നിർദ്ദേശം

നൽകിയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ 15 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പരിശോധിച്ച് ഭരണാനുമതിക്കുള്ള നടപടി സ്വീകരിക്കുന്നതാണ്.

(7) കുന്നിപ്പുറം, മുള്ളറവിള-ആയയിൽ പാലങ്ങളുടെ നിർമ്മാണം

ശ്രീ. കെ. ആൻസലൻ: നെയ്യാറ്റിൻകരയിലെ കുന്നിപ്പുറം, മുള്ളറവിള ആയയിൽ പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): നെയ്യാറ്റിൻകരയിലെ കുന്നിപ്പുറം പാലത്തിന്റെ നിർമ്മാണത്തിന് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 9.86 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിക്കുകയും ഭൂമി ഏറ്റെടുക്കുന്നതിനും പുനരധിവാസ പ്രവർത്തനങ്ങൾക്കുമായി 5.81 കോടി രൂപ നൽകുകയും ചെയ്തിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ പൂർത്തിയാകുന്നതോടെ സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിക്കാൻ കഴിയും. നെയ്യാറ്റിൻകരയിലെ മുള്ളറവിള - ആയയിൽ പാലത്തിന്റെ സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുകയാണ്. ഭൂമി ഏറ്റെടുക്കലിനുള്ള 5.7975 കോടി രൂപയുൾപ്പെടെ കിഫ്ബിയിൽനിന്നും 20.06 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ പൂർത്തിയാകുന്നതോടെ സാങ്കേതികാനുമതി നൽകി പ്രവൃത്തി

ആരംഭിക്കുന്നതാണ്.

(8) കോമളം പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം

ശ്രീ. മാത്യു ടി. തോമസ് : കോമളം പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): പത്തനംതിട്ട ജില്ലയിലെ മണിമലയാറിനു കുറുകെയുള്ള കോമളം പാലത്തിനും അപ്രോച്ച് റോഡിനുമുണ്ടായ നാശനഷ്ടം സംബന്ധിച്ച് ബ്രിഡ്ജസ് വിഭാഗം ചീഫ് എഞ്ചിനീയർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഈ പാലത്തിന്റെ താഴ്ഭാഗത്ത് വെള്ളം ഒഴുകി പോകുന്നതിനുള്ള വെന്റ് വേ പൂർണ്ണമായും അടഞ്ഞുപോകുന്നതിനാൽ വെള്ളം ഗതിമാറി ഒഴുകി അപ്രോച്ച് റോഡ് തകരുന്ന സാഹചര്യമാണുള്ളത്. അപ്രോച്ച് റോഡോടുകൂടി പാലം പുനർനിർമ്മിക്കണമെന്ന ബ്രിഡ്ജസ് വിഭാഗത്തിന്റെ നിർദ്ദേശമനുസരിച്ച് ഇൻവെസ്റ്റിഗേഷൻ നടത്തി തീരുമാനമെടുക്കുന്നതാണ്.

(9) തൃപ്പൂണിത്തുറ എസ്. എൻ. ജംഗ്ഷൻ വികസനം

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): പേട്ട മുതൽ തൃപ്പൂണിത്തുറ എസ്.എൻ. ജംഗ്ഷൻ വരെയുള്ള കൊച്ചി മെട്രോ എക്സ്റ്റൻഷൻ വേഗത്തിൽ പൂർത്തിയാക്കുകയും മൂവാറ്റുപുഴ ഹിൽപാലസ് റോഡിലേയ്ക്ക് മെട്രോ

കണക്ടിവിറ്റി എക്സ്റ്റന്റ് ചെയ്യുകയും വേണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ എസ്. എൻ. ജംഗ്ഷൻ മുതൽ തൃപ്പൂണിത്തുറ വരെയുള്ള ഭാഗത്ത് നിർമ്മിക്കാനുദ്ദേശിക്കുന്ന റോഡിൽ മെട്രോ വയഡക്റ്റ് നിർമ്മിക്കണമെന്ന തൃപ്പൂണിത്തുറ നഗരസഭയുടെ നിർദ്ദേശം കൊച്ചിൻ മെട്രോ കോർപ്പറേഷൻ അംഗീകരിച്ച് പദ്ധതി രേഖ ഗവൺമെന്റിൽ സമർപ്പിക്കുകയും ഭരണാനുമതി ലഭിക്കുകയും ചെയ്തു. സ്ഥലമെടുപ്പിനുള്ള അഡ്വാൻസ് തുക വഹിക്കാൻ സാധിക്കില്ലെന്ന് നഗരസഭ സർക്കാരിനെ അറിയിച്ചതിനാലും സ്ഥലമേറ്റെടുപ്പിലെ കാലതാമസം ഒഴിവാക്കുന്നതിനായും 16 മീറ്റർ വീതിയിൽ മെട്രോ വയഡക്റ്റ് നിർമ്മിക്കാനാവശ്യമായ 4.63 ഏക്കർ ഭൂമി മാത്രം ഏറ്റെടുക്കാൻ കൊച്ചി മെട്രോ സർക്കാരിനെ സമീപിക്കുകയും 448.33 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഹിൽപാലസ് റോഡുമായുള്ള മെട്രോ കണക്ടിവിറ്റി നിലവിൽ പരിഗണനയിലില്ല.

**V. റിപ്പോർട്ട് സമർപ്പണം**

2021-ലെ കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവന വ്യവസ്ഥകളും) ബിൽ, 2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-

ന്റെ റിപ്പോർട്ടും 2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ റിപ്പോർട്ടും സമർപ്പിച്ചു.

## VI. നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(I) 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ
(ii) 2021-ലെ കേരള ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ
(iii) 2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ
(iv) 2021-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) ബിൽ
(v) 2021-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) ബിൽ, 2021-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ എന്നിവ അവതരിപ്പിക്കുന്നു.

ഓർഡിനൻസുകൾ പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലും 2021-ലെ കേരള ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലും 2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലും 2021-ലെ കേരള ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) ബില്ലും 2021-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബില്ലും വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച വിഷയ നിർണ്ണയ സമിതി VII-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പ്രമേയത്തെ പിന്താങ്ങുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ നിലവിലെ

വരുമാനമുപയോഗിച്ച് തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനും ബോർഡിന്റെ ഭരണനിർവ്വഹണ ചെലവ് നിയന്ത്രിക്കുന്നതിനും സാധിക്കാത്തതിനാൽ തൊഴിലാളിയും തൊഴിലുടമയും മാസംതോറും നൽകേണ്ട അംശദായം 30 രൂപയായും അർദ്ധ വാർഷിക അംശദായം 180 രൂപയായും സ്വയംതൊഴിൽ ചെയ്യുന്ന തൊഴിലാളികളുടെ മാസംതോറുമുള്ള അംശദായം 60 രൂപയായും അർദ്ധ വാർഷിക അംശദായം 360 രൂപയായും വർദ്ധിപ്പിക്കുന്നതിനാണ് ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്ക് ആനുകൂല്യം നൽകുന്നതിനും ബോർഡിന്റെ ഭരണ ചെലവുകൾ വഹിക്കാനും നിലവിലെ വരുമാനം അപര്യാപ്തമായതിനാൽ ഓരോ തൊഴിലാളിയും തൊഴിലുടമയും ഉല്പാദകനും പ്രതിമാസം അടയ്ക്കേണ്ട അംശദായം 15 രൂപയായി വർദ്ധിപ്പിക്കുന്നതിനും ഗ്രാന്റായി സർക്കാർ അടയ്ക്കുന്ന തുക തൊഴിലാളികളുടെ അംശദായത്തിന്റെ എഴുപത്തിയഞ്ച് ശതമാനമായി നിശ്ചയിക്കുന്നതിനുമാണ് ഭേദഗതിയിലൂടെ തീരുമാനിച്ചിരിക്കുന്നത്. ഇന്റർ നാഷണൽ ലേബർ ഓർഗനൈസേഷന്റെ ശിപാർശകൾ പ്രകാരം ഒരു തൊഴിലാളി ചുമന്നുകൊണ്ടുപോകേണ്ട ഭാരം 75 കിലോഗ്രാമിൽ നിന്ന് 55 കിലോഗ്രാമായും സ്ത്രീകൾ, കൗമാരക്കാർ എന്നിവരെക്കൊണ്ട് എടുപ്പിക്കാവുന്ന പരമാവധി ഭാരം 35 കിലോഗ്രാമായും

കുറവ് ചെയ്യുകയാണ് ചുമട്ടുതൊഴിലാളി ഭേദഗതി ബില്ലിലൂടെ ലക്ഷ്യമിടുന്നത്. തൊഴിലാളികളുടെയും സ്വയംതൊഴിൽ ചെയ്യുന്നവരുടെയും ക്ഷേമത്തിനും അഭിവൃദ്ധിക്കും പെൻഷനടക്കമുള്ള വിവിധ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുംവേണ്ടി രൂപീകരിച്ചിട്ടുള്ള കേരള ഷോപ്പ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ അംശദായം പുനർനിർണ്ണയിക്കുന്നതിന് സർക്കാരിന് അധികാരം നൽകുന്നതിനുള്ള ഭേദഗതിയാണ് കൊണ്ടുവന്നിട്ടുള്ളത്. 2021-ലെ കേരള ഷോപ്പ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് നിയമത്തിൽ ലേബർ അഡ്മിനിസ്ട്രേറ്റർ, ലേബർ കമ്മീഷണറേറ്റ് ആട്ടോമേഷൻ സിസ്റ്റം എന്നീ വകുപ്പുകളുടെ നിർവ്വചനം ഉൾപ്പെടുത്തുകയും ഫീസ് ഏകീകരിക്കുക, വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരമുള്ള റിന്യൂവൽ സർട്ടിഫിക്കറ്റുകൾ ആട്ടോജനറേറ്റ് ചെയ്യുക എന്നിവയാണ് ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്.

ശ്രീ. പി. ടി. തോമസ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): I move that-

" This House resolves to disapprove The Kerala Bamboo, Kattuvalli, Pandanus Leaf Workers' Welfare Fund (Amendment) Ordinance, 2021 (Ordinance No. 129 of 2021)" . സർക്കാരിന്റെ

അംശദായ വിഹിതം 75 ശതമാനമായി നിജപ്പെടുത്തുന്നത് സംബന്ധിച്ചും ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിനെ ലേബർ ബോർഡിൽ ഉൾപ്പെടുത്തിയാൽ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് ലഭിക്കുന്ന കേന്ദ്ര സർക്കാരിന്റെ ഇൻകം സപ്പോർട്ട് സ്കീമിലെ ആനുകൂല്യങ്ങൾ സംബന്ധിച്ചും വ്യക്തമാക്കണം. തൊഴിലാളികളുടെ ആനുകൂല്യങ്ങളും ക്ഷേമപദ്ധതികളും നടപ്പാക്കുന്നതിന് സർക്കാർ നൽകേണ്ട സഹായത്തിൽ കുറവ് വരുത്തുന്നതിനാണ് ബിൽ കൊണ്ടുവന്നിട്ടുള്ളത്. ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാനും തൊഴിലാളികളുടെ ആൺമക്കൾക്കും വിവാഹ ധനസഹായം ലഭ്യമാക്കാനും നടപടി സ്വീകരിക്കണം. അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവുമൂലം പ്രതിസന്ധിയിലായ പനമ്പ്, തഴ ഉൾപ്പെടെയുള്ള പരമ്പരാഗത വ്യവസായങ്ങളെ പുനരുദ്ധരിക്കാനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. സണ്ണി ജോസഫ് ചുമതലപ്പെടുത്തിയതുപ്രകാരം <u>ശ്രീ. റോജി എം. ജോൺ</u>: നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. ഒരു ലക്ഷത്തിൽപ്പരം തൊഴിലാളികൾ അംഗങ്ങളായിട്ടുള്ള കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിനെ ഫാക്ടറി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനി ജീവനക്കാരുടെ ക്ഷേമനിധി ബോർഡിൽ

ലയിപ്പിക്കാനുള്ള ശ്രമങ്ങൾ നടക്കുന്നതിനാൽ ഈ ഭേദഗതിക്ക് പ്രസക്തിയില്ല. അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ഈ ക്ഷേമനിധി ബോർഡിനെ സംഘടിത മേഖലയിലുള്ള തൊഴിലാളികളുടെ ബോർഡുമായി ലയിപ്പിച്ചാൽ അംഗങ്ങൾക്ക് ഇൻകം സപ്പോർട്ട് സ്കീം പ്രകാരം ഒരു വർഷം ലഭ്യമാകുന്ന വിവിധ ആനുകൂല്യങ്ങൾ ഇല്ലാതാകുന്ന സാഹചര്യം സൃഷ്ടിക്കുന്നതിൽനിന്ന് പിന്മാറണം. തൊഴിലാളികളുടെ വിഹിതത്തിന് തുല്യമായ വിഹിതം അംശദായമായി അടയ്ക്കാനുള്ള സമീപനം സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. പനമ്പ് മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്കാവശ്യമായ ഈറ്റ ലഭ്യമാക്കണം. അസംഘടിത തൊഴിലാളികളുടെ ക്ഷാമബത്ത കുടിശ്ശികയും ചികിത്സാനുകൂല്യങ്ങളും ബാംബൂ ബോർഡ് ഫാക്ടറിയിലെ ജീവനക്കാരുടെ ശമ്പളവും റിട്ടയർമെന്റ് ആനുകൂല്യങ്ങളും ലഭ്യമാക്കാനും ബോർഡുകളിലെ അനധികൃത നിയമനം തടയാനും നടപടിയുണ്ടാകണം.

ശ്രീ. ഷാഫി പറമ്പിൽ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. സനീഷ് കുമാർ ജോസഫ്: 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ, തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി

31-12-2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് ക്ഷേമനിധി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കണം. ക്ഷേമനിധി ബോർഡിനെ ലേബർ വെൽഫെയർ ബോർഡിൽ ലയിപ്പിക്കാനുള്ള നടപടിയിൽനിന്നും പിന്തിരിയണം. ഈറ്റ, പനമ്പ് നെയ്ത്തുകാർക്ക് സർക്കാർ അനുവദിച്ച ധനസഹായം നൽകാനും ബാംബൂ കോർപ്പറേഷൻ ഡിപ്പോകൾ വഴി ഈറ്റ ലഭ്യമാക്കാനും ഈറ്റവെട്ട് തൊഴിലാളികളെയും പരമ്പരാഗത കുടിൽ വ്യവസായ തൊഴിലാളികളെയും സംരക്ഷിക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. എ. സി. മൊയ്തീൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. ജി. സ്റ്റീഫൻ: 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ, തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. പരമ്പരാഗത മേഖലയിലെ തൊഴിലാളികൾ പ്രതിസന്ധി നേരിടുന്നുവെന്നതും മതിയായ വേതനം ലഭിക്കുന്നില്ലെന്നതും വസ്തുതയാണ്. വനത്തിനുള്ളിൽ ആവശ്യത്തിന് ഈറ്റയും കാട്ടുവള്ളിയും നട്ടുപിടിപ്പിക്കണം. വന്യമൃഗങ്ങളുടെ ആക്രമണവും വനം വകുപ്പിന്റെ കർശന നിയന്ത്രണങ്ങളും വനാന്തരങ്ങളിൽ ഈറ്റ ശേഖരിക്കുവാൻ പോകുന്നവരെ

പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഈ മേഖലയിലെ ഇടനിലക്കാരുടെ ചൂഷണം അവസാനിപ്പിക്കുന്നതോടൊപ്പം ശാസ്ത്ര സാങ്കേതികവിദ്യകളുടെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുകയും തൊഴിൽ സുരക്ഷയും സാമൂഹിക സമത്വവും ഉറപ്പാക്കുകയും വേണം. ക്ഷേമനിധിയിലേയ്ക്കുള്ള അംശദായം വർദ്ധിപ്പിക്കുന്നതുവഴി ബോർഡിന്റെ വരുമാനം വർദ്ധിക്കുകയും തൊഴിലാളികൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ ലഭ്യമാവുകയും ചെയ്യും. ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിച്ച് ബോർഡിന്റെ കാര്യക്ഷമത ഉറപ്പാക്കണം.

ഡോ. എം. കെ. മുനീർ: I move that- " This House resolves to disapprove The Kerala Shops and Commercial Establishments Labour Welfare Fund (Amendment) Ordinance, 2021 (Ordinance No.121 of 2021)" . ഈ ഭേദഗതിയിലൂടെ ക്ഷേമനിധിയിലേയ്ക്കുള്ള തൊഴിലാളിയുടെയും തൊഴിലുടമയുടെയും അംശദായം വർദ്ധിപ്പിച്ചുവെങ്കിലും ആനുപാതികമായി സർക്കാർ വിഹിതവും തൊഴിലാളികളുടെ ആനുകൂല്യവും വർദ്ധിപ്പിക്കാത്തത് അനീതിയാണ്. ഗസറ്റ് വിജ്ഞാപനത്തിലൂടെ ഓരോ മൂന്നുവർഷം കൂടുമ്പോഴും അംശദായം വർദ്ധിപ്പിക്കാനുള്ള തീരുമാനം നിപ, പ്രളയം, കോവിഡ് എന്നിവമൂലം ദുരിതമനുഭവിക്കുന്ന വ്യാപാരികളെയും അവരെ

ആശ്രയിച്ചുജീവിക്കുന്ന തൊഴിലാളികളെയും പ്രതിസന്ധിയിലാക്കുന്നതാണ്. ക്ഷേമനിധിയിൽനിന്നും മരണാനന്തര ചടങ്ങുകൾക്കായി അനുവദിക്കുന്ന തുക വർദ്ധിപ്പിക്കുന്നതിനും വിവാഹ ധനസഹായം കുടുംബത്തിലെ എല്ലാ പെൺകുട്ടികൾക്കും അനുവദിക്കുന്നതിനും ക്ഷേമനിധിയിലേയ്ക്കുള്ള സർക്കാർ വിഹിതം 50 രൂപയാക്കുന്നതിനും നടപടിയുണ്ടാകണം.

ശ്രീ. എം. വിൻസെന്റ്: നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. ബില്ലിൽ തൊഴിലാളി സൗഹൃദമാക്കുന്നതിനാവശ്യമായ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നതോടൊപ്പം 2006-ലെ ആക്ടിൽ 50 രൂപ വീതം പ്രതിമാസം നിധിയിലേയ്ക്ക് നൽകേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള പരാമർശം സംബന്ധിച്ചും വിശദീകരിക്കണം. ക്ഷേമനിധി പെൻഷൻ 5000 രൂപയായി വർദ്ധിപ്പിക്കണം. മുഴുവൻ തൊഴിലാളികളെയും ക്ഷേമനിധി ബോർഡുകളിൽ രജിസ്റ്റർ ചെയ്യിക്കുകയും അത് ഉറപ്പാക്കാൻ തദ്ദേശ ഭരണസ്ഥാപനങ്ങളെ ചുമതലപ്പെടുത്തുകയും വേണം. ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം പുനരവലോകനം ചെയ്യുന്നതിനും ബോർഡിന്റെ അനാസ്ഥമൂലം തൊഴിലുടമകൾ അംശദായം അടയ്ക്കാതിരിക്കുന്നത് ഒഴിവാക്കുന്നതിനും നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്തുന്നതിനും നടപടി സ്വീകരിക്കണം. ഇതരസംസ്ഥാന തൊഴിലാളികളുടെ

ക്ഷേമത്തിനായി 1979-ലെ ഇന്റർസ്റ്റേറ്റ് മൈഗ്രന്റ് വർക്ക്മെൻ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കണം. കോവിഡ് കാലയളവിൽ അടച്ചിടേണ്ടിവന്ന കടയുടമകൾക്ക് ആനുകൂല്യങ്ങൾ നൽകുന്നത് സംബന്ധിച്ചും ദീർഘകാലം കടകൾ അടച്ചിടേണ്ടിവരികയാണെങ്കിൽ കടയുടമകൾക്ക് സാമ്പത്തിക സഹായം നൽകുന്നതുസംബന്ധിച്ചും ഒരു ഷോപ്പിൽനിന്നും ജോലി നഷ്ടമായി മറ്റൊരു ഷോപ്പിലേയ്ക്ക് പോകേണ്ടിവരുമ്പോൾ കാലയളവ് നിശ്ചയിച്ച് ഒരു നിശ്ചിത തുക ധനസഹായമായി നൽകുന്നതിനും ബില്ലിൽ വ്യവസ്ഥ ചെയ്യണം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: 2021-ലെ കേരള ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും സർക്കാർ വായ്പ എടുത്തിട്ടുള്ള തുക സംബന്ധിച്ച് വ്യക്തമാക്കണം. മഴക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച വ്യാപാര സ്ഥാപനങ്ങൾക്ക് ധനസഹായം ലഭ്യമാക്കുന്നതിനും ക്ഷേമനിധി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നടപടിയുണ്ടാകണം.

ശ്രീ. എം. എം. മണി ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കെ. ആൻസലൻ: 2021-ലെ കേരള ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും രജിസ്ട്രേഷൻ പുതുക്കുന്നതുമായ സ്ഥാപനങ്ങളുടെ എണ്ണവും അംശദായത്തിനാനുപാതികമായി ആനുകൂല്യങ്ങളും വർദ്ധിപ്പിക്കണം. ക്ഷേമനിധി ബോർഡ് കാലോചിതമായി പരിഷ്കരിച്ച് തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കണം. അംശദായം കൃത്യമായി പിരിച്ചെടുക്കുന്നതിനും ജില്ലാതലത്തിൽ ഉപദേശക സമിതി രൂപീകരിക്കുന്നതിനും സ്വയംതൊഴിൽ മേഖലകളെക്കൂടി ക്ഷേമനിധിയിൽ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. ടി. വി. ഇബ്രാഹിം: I move that- “ This House resolves to disapprove The Kerala Small Plantation Workers' Welfare Fund (Amendment) Ordinance, 2021 (Ordinance No. 130 of 2021)." ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ ശിപാർശകൾ നടപ്പാക്കാത്തതും തൊഴിലാളികളുടെ ആനുകൂല്യങ്ങളും വേതനവും വർദ്ധിപ്പിക്കാത്തതും

പ്രതിഷേധാർഹമാണ്. തോട്ടം തൊഴിലാളികൾക്ക് പ്രത്യേക പരിഗണന നൽകി അംശദായത്തിനാനുപാതികമായി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കണം. തോട്ടം തൊഴിലാളികളുടെ സുസ്ഥിര വികസനത്തിനാവശ്യമായ മാറ്റങ്ങളുൾക്കൊള്ളിച്ചുകൊണ്ടുള്ള സമഗ്രമായ ബിൽ അവതരിപ്പിക്കണം. സർക്കാരിന്റെ അംശദായ വിഹിതം വർദ്ധിപ്പിക്കുകയും തൊഴിലാളികൾക്ക് സഹകരണ ബാങ്കുകളിൽ മാസത്തവണയായി അംശദായം അടയ്ക്കുന്നതിനുള്ള സൗകര്യമേർപ്പെടുത്തുകയും ഇ.എസ്.ഐ. ആനുകൂല്യങ്ങൾ ലഭ്യമാക്കുകയും ഇ.എസ്.ഐ. ആശുപത്രികളിൽ വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനമുൾപ്പെടെയുള്ള ചികിത്സാ സൗകര്യമേർപ്പെടുത്തുകയും വേണം.

ശ്രീമതി കെ. കെ. രമ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. എൻ. ഷംസുദ്ദീൻ): നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. പരിസ്ഥിതി ലോല മേഖലയായി പ്രഖ്യാപിക്കപ്പെടുന്ന ഭൂമികൾ ഇ.എഫ്.എൽ. ആക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തി നഷ്ടപരിഹാരം അനുവദിക്കണം. ക്ഷേമനിധി പെൻഷൻ വാങ്ങുന്നവർക്ക് സാമൂഹികക്ഷേമ പെൻഷൻ കൂടി ലഭ്യമാക്കണം. ക്ഷേമനിധി പെൻഷൻ 5,000 രൂപയായും ചികിത്സ, വിവാഹ ധനസഹായം, മരണാനന്തര സഹായം, പ്രസവാനുകൂല്യം എന്നിവ വർദ്ധിപ്പിക്കാനും ക്ഷേമനിധിയിൽ അടയ്ക്കുന്ന അംശദായം 60 വയസ്സുകഴിഞ്ഞവർക്ക് തിരികെ

നൽകാനും ക്ഷേമനിധി ബോർഡുകൾക്ക് സർക്കാർ ഗ്രാന്റ് നൽകാനും നടപടി സ്വീകരിക്കണം. തോട്ടം മേഖലകളിൽ വന്യമൃഗശല്യം കൊണ്ടുണ്ടാകുന്ന കൃഷിനാശങ്ങൾക്ക് നൽകുന്ന ധനസഹായം വർദ്ധിപ്പിക്കണം. മണ്ണാർക്കാട് ഒരു ഇ.എസ്.ഐ. ആശുപത്രി ആരംഭിക്കാനും ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിനുണ്ടാകുന്ന ഭരണച്ചെലവ് സർക്കാർ വഹിക്കാനും തൊഴിലാളികൾക്ക് ലഭിക്കേണ്ട എല്ലാ ആനുകൂല്യങ്ങളും വർദ്ധിപ്പിക്കാനും തയ്യാറാകണം. എല്ലാ ക്ഷേമനിധി ബോർഡുകളുടെയും അംശദായം കാലോചിതമായി പരിഷ്കരിക്കേണ്ടതിനാൽ കാലാകാലങ്ങളിൽ സർക്കാർ വിജ്ഞാപനത്തിലൂടെ നിലവിലുള്ള സംഖ്യ വർദ്ധിപ്പിക്കാമെന്ന ഒരു നിർദ്ദേശം ബില്ലിൽ കൊണ്ടുവന്നാൽ പിന്നീട് അംശദായം വർദ്ധിപ്പിക്കേണ്ട സാഹചര്യങ്ങളിൽ ബിൽ മൊത്തമായി ഭേദഗതി വരുത്താതെ ചട്ടം ഭേദഗതിയിലൂടെ അംശദായം വർദ്ധിപ്പിക്കാൻ കഴിയുമെന്ന് നിയമ/തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

ശ്രീ. കെ. എൻ. ഉണ്ണിക്യഷ്ണൻ ചുമതലപ്പെടുത്തിയതുപ്രകാരം

ശ്രീ. എം. എം. മണി: 2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി

08.11.2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. അവശതയനുഭവിക്കുന്ന ചെറുകിട തോട്ടം തൊഴിലാളികൾക്ക് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: 2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ചെറുകിട തോട്ടം തൊഴിലാളികളെ സംരക്ഷിക്കാനുള്ള നിരവധി പദ്ധതികളുണ്ടെങ്കിലും കാലാനുസൃതമായി തൊഴിലാളികൾക്ക് സംരക്ഷണവും സാമ്പത്തിക ലാഭവും അഭിവൃദ്ധിയും നൽകാൻ സർക്കാരിന് കഴിയണം. അംശദായം വർദ്ധിപ്പിക്കുന്നതിനോടൊപ്പം തൊഴിലാളികളുടെ ആനുകൂല്യങ്ങളും വർദ്ധിപ്പിച്ചാൽ മാത്രമേ ഈ ബിൽ നിയമമാക്കുന്നതുകൊണ്ട് പ്രയോജനം ലഭിക്കുകയുള്ളൂ. മരണാനന്തര ചടങ്ങുകൾക്ക് അനുവദിക്കുന്ന തുകയും പ്രസവ-ചികിത്സാ ആനുകൂല്യങ്ങളും വിദ്യാഭ്യാസ വായ്പാ സൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിനും വായ്പാ കുടിശ്ശിക എഴുതിത്തള്ളുന്നതിനും ഭൂമിയില്ലാത്തവർക്ക് ഭൂമി നൽകുന്നതിനും നടപടി സ്വീകരിക്കണം. റബ്ബറിന്റെ താങ്ങുവില 250 രൂപയായി വർദ്ധിപ്പിക്കണം.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: I move that- This House resolves to disapprove The Kerala Shops and Commercial Establishments (Amendment) Ordinance, 2021 (Ordinance No.123 of 2021). പ്രളയകാലത്തും കോവിഡ് കാലത്തും സർക്കാർ പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ വ്യാപാരികൾക്ക് ലഭിച്ചിട്ടില്ല. ചെറുകിട വ്യാപാരികളുടെ വായ്പയ്ക്ക് പലിശയിളവ് അനുവദിക്കുന്നതിനും വായ്പാ തിരിച്ചടവ് കാലാവധി നീട്ടിനൽകുന്നതിനും ലോക്ഡൗൺ സമയത്തെ തിരിച്ചടവുകളും ട്രാൻസാക്ഷനും സിബിൽ സ്കോറിൽ ഉൾപ്പെടുത്താതിരിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കണം. പുതിയ സൂപ്പർ മാർക്കറ്റുകളും മാളുകളും യഥേഷ്ടം ആരംഭിക്കാൻ അനുമതി നൽകുന്ന രീതി പുനഃപരിശോധിക്കണം. തദ്ദേശഭരണ സ്ഥാപന പരിധിയിലെ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ പുതിയ സ്ഥാപനങ്ങൾ ആരംഭിക്കാൻ ലൈസൻസ് നൽകുന്ന കാര്യം പരിശോധിക്കുകയും പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്യണം. കോവിഡ് നിയന്ത്രണങ്ങളുടെ ഭാഗമായി ദുരിതമനുഭവിക്കുന്ന തെരുവ് കച്ചവടക്കാരെ സംരക്ഷിക്കുന്നതിനും കച്ചവടക്കാരും സ്ഥാപന ഉടമകളും നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. തൊഴിലാളി ക്ഷേമം ലക്ഷ്യമാക്കി നിർമ്മിച്ച നിയമങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നുണ്ടോയെന്ന് പരിശോധിക്കണം. നോട്ട് നിരോധനം, ജി.എസ്.ടി, പ്രളയം, കോവിഡ് എന്നിവ കാരണം തകർന്ന വ്യാപാര മേഖലയെ സംരക്ഷിക്കുന്നതിനാവശ്യമായ ഇടപെടൽ നടത്താനോ ചെറുകിട കച്ചവടക്കാരെ പ്രതിസന്ധിയിലാക്കുന്ന ഇ-കൊമേഴ്സ് വ്യാപാരം നിയന്ത്രിക്കാനോ സർക്കാരിന് സാധിച്ചിട്ടില്ലെന്നത് നിരാശാജനകമാണ്.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി ചുമതലപ്പെടുത്തിയതുപ്രകാരം <u>ശ്രീ. വി. ജോയി</u>: 2021-ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 08-11-2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സംസ്ഥാനത്തെ വാണിജ്യ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കുന്നതിനും മതിയായ വേതനം ലഭിക്കുന്നതിനുമായി നിർമ്മിച്ച നിയമത്തിൽ കാലാനുസൃതമായ ഭേദഗതികളാണ് കൊണ്ടുവന്നിട്ടുള്ളത്. കേരള ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് നിയമം ഫലപ്രദമായി നടപ്പാക്കാൻ സാധിക്കുന്നുണ്ടോയെന്ന് പരിശോധിക്കുകയും തൊഴിലാളികളുടെ തൊഴിൽ സ്ഥിരത ഉറപ്പുവരുത്തുകയും വേണം.

സംസ്ഥാനത്തെ ക്ഷേമനിധി ബോർഡുകൾ തൊഴിലാളികളുടെ വേതനമടക്കമുള്ള ക്ഷേമ കാര്യങ്ങളിൽ ഇടപെടുന്നുണ്ടോയെന്നും ഇതുമായി ബന്ധപ്പെട്ട് ലേബർ വകുപ്പിലെ ഉദ്യോഗസ്ഥർ സ്വീകരിച്ച നടപടികൾ സംബന്ധിച്ചും പരിശോധിക്കേണ്ടതാണ്.

ശ്രീ. ജി. എസ്. ജയലാൽ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. ഇ. കെ. വിജയൻ: 2021-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. തൊഴിലാളികൾക്ക് ഇ.എസ്.ഐ., പി.എഫ്. ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ അനുവദിക്കാത്തതും നിയമപരമായി രജിസ്റ്റർ ചെയ്യാത്തതുമായ സ്ഥാപനങ്ങളെക്കുറിച്ച് പരിശോധന നടത്തി തുടർനടപടി സ്വീകരിക്കണം. ചെറുകിട കച്ചവട സ്ഥാപനങ്ങൾക്ക് ഭീഷണിയായ വൻകിട മാളുകളെയും ഹൈപ്പർ മാർക്കറ്റുകളെയും പ്രത്യേക നിയമത്തിലൂടെ നിയന്ത്രിക്കുകയും പ്രത്യേക കാറ്റഗറിയാക്കി തിരിച്ച് രജിസ്ട്രേഷൻ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുകയും വേണം. വാണിജ്യ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് ഇരിപ്പിടം ഉറപ്പുവരുത്തിയ നിയമം പ്രാവർത്തികമായിട്ടുണ്ടോയെന്ന് പരിശോധിക്കണം. സ്ഥാപനത്തിലെ തൊഴിലാളികളുടെ എണ്ണം അടിസ്ഥാനപ്പെടുത്തി രജിസ്ട്രേഷൻ

മാനദണ്ഡങ്ങളിൽ മാറ്റംവരുത്തുന്നതോടൊപ്പം അവ പാലിക്കുന്നുണ്ടോയെന്നും ഉറപ്പുവരുത്തണം. പടക്കം/കീടനാശിനി വിൽപ്പനശാലകളിലെ തൊഴിലാളികൾക്ക് റിസ്ക് അലവൻസും ഇൻഷ്വറൻസ് പരിരക്ഷയും നൽകണം. കടകളിൽ ഉടമയുടെയും തൊഴിലാളികളുടെയും പേര് രേഖപ്പെടുത്തുന്ന രജിസ്റ്റർ നിർബന്ധമാക്കുകയും ലേബർ വകുപ്പ് ഇക്കാര്യം പരിശോധിക്കുന്ന നിലയുണ്ടാകുകയും വേണം.

ശ്രീ. പി. ടി. തോമസ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): I move that:- " This House resolves to disapprove The Kerala Headload Workers (Amendment) Ordinance, 2021 (Ordinance No. 127 of 2021)." വ്യാപാര പ്രാധാന്യം കുറഞ്ഞ സ്ഥലങ്ങളിൽ നടക്കുന്ന അനഭിലഷണീയ പ്രവർത്തനങ്ങൾ ഒഴിവാക്കാൻ തൊഴിൽ ക്രമീകരണം സംബന്ധിച്ച നടപടികളെക്കുറിച്ച് ആലോചിക്കണം. നോക്കുകൂലി അവസാനിപ്പിക്കാൻ കക്ഷി രാഷ്ട്രീയ ഭേദമെന്യേ നടപടി സ്വീകരിക്കണം. നിക്ഷേപത്തിനനുയോജ്യമായ സാമൂഹിക-രാഷ്ട്രീയ അന്തരീക്ഷം സംസ്ഥാനത്തുണ്ടാകണം. അറ്റാദായകുടിശ്ശിക ഒഴിവാക്കാനും ക്ഷേമനിധിയിൽ നിന്നുള്ള ആനുകൂല്യങ്ങൾ സമയബന്ധിതമായി ലഭ്യമാക്കാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. മോൻസ് ജോസഫ്</u>: നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. പ്രവാസികൾക്ക് കേരളത്തിൽ മുതൽമുടക്കാനും മെച്ചപ്പെട്ട നിലയിൽ വ്യവസായം നടത്താനുമുള്ള സാഹചര്യം ഉറപ്പുവരുത്തണം. തൊഴിലാളികൾക്ക് ജോലി ചെയ്യാൻ കഴിയുന്ന സാഹചര്യം വ്യവസായ മേഖലയിൽ ഉറപ്പാക്കണം. തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ ബോധവത്കരണം നടത്തി തൊഴിലാളികളുടെ സേവനം ഫലപ്രദമായി വിനിയോഗിക്കാൻ നടപടിയുണ്ടാകണം. തൊഴിൽദിനങ്ങളുടെ എണ്ണം കുറഞ്ഞതും തൊഴിലാളികളുടെ എണ്ണം വർദ്ധിച്ചതും ഈ മേഖലയിൽ അസംതൃപ്തിക്ക് കാരണമായിട്ടുള്ളതിനാൽ തൊഴിലാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിച്ച് അഭിപ്രായ സമന്വയത്തിലൂടെ പ്രശ്നങ്ങൾ പരിഹരിക്കാൻ തയ്യാറാകണം.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: 2021-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 25-05-2022 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഏതൊരു തൊഴിലുടമയ്ക്കും തന്റെ സ്ഥാപനത്തിൽ ഇഷ്ടമുള്ള തൊഴിലാളികളെ ഉപയോഗിച്ച് ചുമടിറക്കാം എന്ന കോടതി വിധി അംഗീകൃത ചുമട്ടുതൊഴിലാളികളുടെ തൊഴിൽ നഷ്ടമാകുന്നതിനും തൊഴിൽമേഖലയിൽ

അനാവശ്യ തർക്കങ്ങളും സംഘർഷങ്ങളുമുണ്ടാകുന്നതിനും കാരണമാകും. നോക്കുകൂലി നിരോധന നിയമം കർശനമായി നടപ്പാക്കുന്നതോടൊപ്പം നിയമ ഭേദഗതി കൊണ്ടുവരുന്നതുവരെ അറ്റാച്ച്ഡ് ലേബർ കാർഡുകൾ നൽകുന്നത് നിർത്തിവയ്ക്കണം. ചുമട്ടുതൊഴിലാളികളെയും കുടുംബാംഗങ്ങളെയും ഇ.എസ്.ഐ. പരിധിയിൽ കൊണ്ടുവരികയും വിവാഹ/ ചികിത്സാ ധനസഹായങ്ങൾ വർദ്ധിപ്പിക്കുകയും അവരുടെ കുട്ടികൾക്ക് ഓൺലൈൻ പഠന സൗകര്യത്തിനായി സ്മാർട്ട് ഫോണുകൾ നൽകുകയും വേണം.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ചുമതലപ്പെടുത്തിയതുപ്രകാരം

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: 2021-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ബില്ലിലെ ഭേദഗതിയെ സ്വാഗതം ചെയ്യുന്നു. ചുമട്ടുതൊഴിലാളികൾക്ക് ലേബർ ഡിപ്പാർട്ടുമെന്റ് നിശ്ചയിച്ചിട്ടുള്ള അതിർത്തികൾക്കുള്ളിൽ മറ്റിടങ്ങളിൽനിന്നുള്ള തൊഴിലാളികൾ പണിയെടുക്കുന്നത് നിയന്ത്രിക്കണം. അഭ്യസ്തവിദ്യരായ ധാരാളം പേർ പണിയെടുക്കുന്ന ഈ മേഖലയിൽ ഓൺലൈൻ വ്യാപാര കേന്ദ്രങ്ങൾ വന്നതോടെ തൊഴിലവസരങ്ങളിൽ കുറവുണ്ടായതിന് പരിഹാരം കാണണം.

ചുമട്ടുതൊഴിലാളികളെ സംരക്ഷിക്കുന്ന തൊഴിൽ വകുപ്പിന്റെ ഇടപെടലുകൾ അഭിനന്ദനാർഹമാണ്. വിവിധ മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തി തിരിച്ചറിയൽ കാർഡ് അനുവദിച്ചിട്ടുള്ള ചുമട്ടുതൊഴിലാളികൾക്ക് തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്തണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): അംശദായം വർദ്ധിപ്പിക്കുന്നതോടെ ബോർഡുകളുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുകയും അതിനനുസരിച്ച് തൊഴിലാളികളുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുന്നതാണ്. ക്ഷേമനിധി ബോർഡുകളുടെ ട്രഷറി നിക്ഷേപത്തിന് പലിശ നൽകിവരുന്നുണ്ട്. തൊഴിലാളികൾക്ക് പെൻഷനും വിവിധ ആനുകൂല്യങ്ങളും നൽകുന്നതിനായി ക്ഷേമനിധി ബോർഡുകൾക്ക് സർക്കാർ സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്. തൊഴിലാളികളുടെ അംഗത്വം ഉറപ്പാക്കുന്നതോടൊപ്പം അംശദായ കുടിശ്ശിക അടപ്പിക്കുന്നതിനും അംഗീകൃത തൊഴിലാളി സംഘടനകൾ നടപടി സ്വീകരിക്കണം. സമാനസ്വഭാവമുള്ള ബോർഡുകളെ സംയോജിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വിവിധതലങ്ങളിൽ ചർച്ച നടത്തുന്നതാണ്. തൊഴിലാളി കുടുംബങ്ങളിലെ കുട്ടികളെ ദേശീയാടിസ്ഥാനത്തിൽ നടക്കുന്ന പരീക്ഷകളെഴുതാൻ പ്രാപ്തമാക്കുന്നതിന് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ്

എംപ്ലോയ്മെന്റിനെ പ്രയോജനപ്പെടുത്തും. പുതിയ ഇ.എസ്.ഐ. ആശുപത്രികൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തും. ബോർഡിനെ ലേബർ വെൽഫെയർ ഫണ്ട് ബോർഡുമായി ലയിപ്പിച്ചാലും ക്ഷേമനിധി സ്കീം നിലനിൽക്കുന്നതിനാൽ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാകും.

കേരള ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് ആകർഷകമായ ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്. പ്രത്യേക തൊഴിലുടമകളുടെ കീഴിലെ തൊഴിലാളികൾക്കും സ്വയംതൊഴിൽ ചെയ്യുന്നവർക്കും കേരള ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി നിയമപ്രകാരം ബോർഡിൽ അംഗത്വം ലഭിക്കും.

ചെറുകിട തോട്ടം തൊഴിലാളികൾക്ക് ബോർഡ് നൽകിവരുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതാണ്. കേരള ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റ്ബ്ലിഷ്മെന്റ്സ് ആക്ട് പ്രകാരം വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളിലെ സ്ത്രീ തൊഴിലാളികൾ ഉൾപ്പെടെയുള്ള എല്ലാ തൊഴിലാളികൾക്കും വിശ്രമിക്കുന്നതിനാവശ്യമായ റസ്റ്റ് റൂം/ഹോസ്റ്റൽ സൗകര്യം തുടങ്ങിയവ സംബന്ധിച്ചും തൊഴിലാളികൾക്ക് മിനിമം വേതനം

ലഭ്യമാകുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുകയും ചെയ്തുകൊണ്ടുള്ള നിയമഭേദഗതികളാണ് ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

നോക്കുകൂലി സംബന്ധിച്ചുള്ള പരാതി ശ്രദ്ധയിൽപ്പെട്ടാൽ തൊഴിൽ വകുപ്പ് ഇടപെട്ട് നടപടി സ്വീകരിക്കുകയും തൊഴിലുടമയെ അധിക്ഷേപിക്കുകയോ ഭീഷണിപ്പെടുത്തുകയോ ആക്രമിക്കുകയോ ചെയ്യുന്നതുൾപ്പെടെയുള്ള പരാതികൾ ലഭിക്കുകയാണെങ്കിൽ പോലീസിന് കൈമാറി ഉചിതമായ നിയമനടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തവർക്ക് ബോർഡ് വഴി രജിസ്ട്രേഷൻ കാർഡ് നൽകുകയും അവർക്ക് ലഭിക്കേണ്ട വേതനം സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം ഉണ്ടാക്കുന്നതിന് എല്ലാ ജില്ലകളിലും നോക്കുകൂലി വിരുദ്ധ അവബോധന ക്ലാസ്സുകൾ ക്ഷേമനിധി ബോർഡ് മുഖാന്തരം സംഘടിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിരാകരണ പ്രമേയങ്ങൾ സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) ബിൽ, 2021-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ എന്നിവ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി VII-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബില്ലുകൾ വിഷയ നിർണ്ണയ സമിതിയുടെ പരിഗണനയ്ക്കയച്ചു.

സഭ വൈകുന്നേരം 5.33-ന് പിരിഞ്ഞു.

******